(ബി) അതിൽ എത്ര വീടുകൾ ഇതുവരെ നിർമ്മിച്ചു;

(സി) ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വീട് നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

ഉത്തരം

(എ) 30,000 വീടുകൾ.

(ബി) 2,811 വീടുകൾ.

(സി) ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽപ്പെട്ടവരായിരിക്കണം. വീട് വയ്ക്കുന്നതിന് ആവശ്യമായ സ്ഥലം ഗുണഭോക്താവിന് ഉണ്ടായിരിക്കണം. പദ്ധതി വിഹിതത്തിന്റെ 60 ശതമാനത്തിൽ കുറയാത്ത തുക പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി വിനിയോഗിക്കണം. പട്ടികജാതി/പട്ടികവർഗ്ഗക്കാരല്ലാത്തവർക്ക് പരമാവധി 40 ശതമാനം തുക ഉപയോഗിക്കാവുന്നതാണ്. വീട് നിർമ്മാണം ഗുണഭോക്താവ് നേരിട്ട് നടത്തേണ്ടതാണ്. ഒരു വീടിന് ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം പരമാവധി നൽകുന്ന തുക 27,500 രൂപയാണ്. വീട് പണിയുടെ പുരോഗതിക്കനുസരിച്ച് പണം ഗഡുക്കളായി നൽകിവരുന്നു. വീടിന് പ്രത്യേകം ടൈപ്പ് ഡിസൈൻ നിഷ്കർഷിച്ചിട്ടില്ല. വീടിന്റെ പ്ലിന്ത് ഏരിയ 20 സ്കയർ മീറ്ററിൽ കുറയാൻ പാടില്ല. വീടിനോടൊപ്പം സാനിട്ടറി കക്കൂസും, പുകയില്ലാത്ത അടുപ്പും കൂടി നിർമ്മിക്കേണ്ടതാണ്.

ഇന്ദിരാ ആവാസ് യോജനയും വ്യവസ്ഥകളും

118 [300] *പ്രൊഫ. കെ. വി. തോമസ്:*
ശ്രീ. ലൂഡി ലൂയിസ്:
,, *എ. സുജനപാൽ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പ്രകാരം ഈ വർഷം വാസയോഗ്യമല്ലാത്ത എത്ര വീടുകൾ വാസയോഗ്യമാക്കാൻ ഉദ്ദേശിക്കുന്നു;

(ബി) വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് എന്ത് തുക ഒട്ടാകെ മുടക്കാൻ ഉദ്ദേശമുണ്ട്;

(ഡി) ഇതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതെപ്രകാരമാണ് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 8,100 വാസയോഗ്യമല്ലാത്ത വീടുകൾ പുനരുദ്ധരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ബി) ഈ പദ്ധതിപ്രകാരമുള്ള സഹായത്തിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്കാണ് അർഹത. പുല്ല്, തുണി, ടെന്റ്, ഇല, ഓല തുടങ്ങിയ സാധനങ്ങളുപയോഗിച്ച് മേൽക്കൂരയും ചുമരുകളും നിർമ്മിച്ചിട്ടുള്ളവയെയാണ് വാസയോഗ്യമല്ലാത്ത വീടുകൾ എന്ന വിഭാഗത്തിൽപ്പെടുത്തിയിരിക്കുന്നത്. ഇത്തരം കുടിലുകളെ പരിഷ്കരിച്ച് വാസയോഗ്യമാക്കുന്നതിന് പരമാവധി 12,500 രൂപ വരെ സഹായം നൽകാവുന്നതാണ്.

(സി) 810 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ഡി) വാസയോഗ്യമല്ലാത്ത വീടുകളുള്ള ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ആളുകളിൽ നിന്നും ഇതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് ഗ്രാമസഭകളാണ്.

സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജനയിലൂടെയുള്ള സഹായം

119 [301] *ശ്രീ. ലൂഡി ലൂയിസ്:*

" *എ. സുജനപാൽ:*

" *സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജനപ്രകാരം എത്ര കുടുംബങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സഹായം നൽകിയിട്ടുണ്ട്;

(ബി) അതിനുവേണ്ടി ഇതുവരെ ആകെ എത്ര തുക നൽകിയിട്ടുണ്ട്;

(സി) ഈ വർഷം ഈ പദ്ധതിപ്രകാരം എത്ര കുടുംബങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സഹായം നൽകാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജനപ്രകാരം 86,500 പേർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സഹായം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly